## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4513** **04/02/2014-ൽ മറുപടിയ്ക്ക്**

**അങ്കമാലിയിൽ കോസ്റ്റ് ഗാർഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രദേശങ്ങൾ കോസ്റ്റ് ഗാർഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളിൽ ഉൾപ്പെട്ടിട്ടുണ്ടോ; | (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ അങ്കമാലി വില്ലേജിൽപ്പെട്ട ഏതാനും സ്ഥലങ്ങൾ കോസ്റ്റ് ഗാർഡിനായുള്ള പൊന്നുംവില നടപടിയിൽ ഉൾപ്പെട്ടു വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ആലുവ താലൂക്കിൽ അങ്കമാലി വില്ലേജിൽ നായത്തോട് പ്രദേശത്തെ സർവ്വേ നമ്പർ 400, 448, 427, 449, 453 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 6.9065 ഹെക്ടർ ഭൂമി കോസ്റ്റ് ഗാർഡിന്റെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനുവേണ്ടിയുള്ള പൊന്നുംവില നടപടിയിൽ ഉൾപ്പെടുന്നതാണ്. |
| (സി) | അങ്കമാലി മുനിസിപ്പാലിറ്റിയിലെ നായത്തോട് ഭാഗത്തെ ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ സ്ഥലമെടുപ്പ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ജലവിതരണ സംവിധാനങ്ങൾ തടസ്സപ്പെടാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ? | (ഡി) | ജലസേചന വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.